മധുരമായ കുട്ടികളേ - മായയുടെ വിഘ്നം ജ്ഞാനത്തിലല്ല, യോഗത്തിലാണുണ്ടാകുന്നത്, യോഗം കൂടാതെ പഠിപ്പ് ധാരണ ചെയ്യാന് സാധിക്കില്ല. അതുകൊണ്ട് എത്ര കഴിയുന്നുവോ യോഗത്തിലിരിക്കുവാനുള്ള പുരുഷാര്ത്ഥം ചെയ്യൂ.

ചോദ്യം :- വീണുപോയ കുട്ടികളെ ബാബ ഏതൊരു വിധിയിലൂടെ മുകളിലേക്കുയര്ത്തുന്നു?

ഉത്തരം :- ബാബ ക്ലാസ്സില് അങ്ങനെയുള്ള കുട്ടികളുടെ മഹിമ പാടുന്നു, അവര്ക്ക് സ്നേഹവും പരിഗണനയും നല്കുന്നു, ധൈര്യം നല്കുന്നു. കുട്ടികളേ നിങ്ങള് വളരെ നല്ലവരാണ്, നിങ്ങള്ക്ക് ജ്ഞാന ഗംഗയായിത്തീരുവാന് സാധിക്കും, നിങ്ങള് വിശ്വത്തിന്റെ അധികാരികളാകുന്നവരാണ്. ഞാന് നിങ്ങള്ക്ക് സൗജന്യമായി ചക്രവര്ത്തി പദവി നല്കാന് വന്നിരിക്കുകയാണ്. നിങ്ങള് എന്തുകൊണ്ട് അത് എടുക്കുന്നില്ല? രാഹുവിന്റെ ഗ്രഹണം ബാധിച്ചിട്ടുണ്ടോ? മുരളി പഠിക്കൂ, യോഗത്തിലിരിക്കൂ, എന്നാല് ഗ്രഹണം ഇല്ലാതാകും. ഇങ്ങനെ ധൈര്യം നല്കുന്നതിലൂടെ കുട്ടികള് വീണ്ടും ഓര്മ്മയിലും പഠിപ്പിലും മുഴുകുന്നു. ഈ വിധിയിലൂടെ പല കുട്ടികളുടെയും ഗ്രഹപ്പിഴ ഇല്ലാതാകുന്നു.

ഗീതം :- ദൂരദേശത്തില് വസിക്കുന്ന ഭഗവാനേ.......

ഓംശാന്തി. ഭഗവാനുവാച - ഗീതയില് കേട്ടുവരുന്ന രണ്ട് വാക്കുകള് മാത്രമാണ് പറഞ്ഞുതരുന്നത്. സ്വര്ഗ്ഗത്തിലൊന്നും ഗീതാശാസ്ത്രമില്ലല്ലോ. ഇതെല്ലാം പിന്നീടാണ് മനുഷ്യരുണ്ടാക്കിയത്. അപ്പോള് ഭഗവാനുവാച എന്താണ് പറയുന്നത്? കുട്ടികളേ മന്മനാഭവ. നിങ്ങള് കേട്ടു വന്ന സംസ്കൃതത്തിലുള്ള അതേ വാക്കുകള് തന്നെയാണ് പറയുന്നത്. അതിന്റെ അര്ത്ഥമൊന്നും തന്നെ ആദ്യം മനസ്സിലാക്കിയിരുന്നില്ല, വെറുതെ മന്മനാഭവ എന്നു പറയുന്നു. അഥവാ ശ്രീകൃഷ്ണനാണ് ഭഗവാനെങ്കില്, പരമാത്മാവായ എന്നെ ഓര്മ്മിക്കൂ എന്ന് കൃഷ്ണന് പറയുമോ? അപ്പോള് ഇത് അസത്യമായില്ലേ. ഇവിടെ പരമപിതാ പരമാത്മാവായ ശിവനാണ് സാളിഗ്രാമുകളോട് സംസാരിക്കുന്നത്, മന്മനാഭവ. പരമാത്മാവായ എന്നെ ഓര്മ്മിക്കൂ, കാരണം ഇപ്പോള് എല്ലാവരുടെയും മരണം തൊട്ടു മുന്നിലാണ്. ഗുരുക്കന്മാരും, സഹോദരങ്ങളും, ബന്ധുക്കളും സര്വ്വരും മരണ സാഹചര്യത്തില് പറയാറുണ്ട് രാമ എന്നു പറയൂ, കൃഷ്ണ എന്നു പറയൂ, അഥവാ ഏതെങ്കിലും ചിത്രങ്ങള് മുന്നില് വെക്കുന്നു, രാമന്റെയോ, കൃഷ്ണന്റെയോ, ഹനുമാന്റെയോ, ഗുരുവിന്റെയോ.... ഇവിടെയാണെങ്കില് മുഴുവന് മനുഷ്യരുടെയും മരണമാണ്. എല്ലാവരും വാനപ്രസ്ഥ അവസ്ഥയിലാണ്. ചെറിയവരും വലിയവരും എല്ലാവര്ക്കും വാണിയിലും ഉപരി പരമധാമത്തിലേക്ക്, ശാന്തിധാമിലേക്ക് പോകണം. അതിനെ നിരാകാരി ലോകമെന്നും പറയുന്നു. അതാണ് നമ്മള് ആത്മാക്കളുടെ ലോകം. ഇവിടേക്ക് വരുമ്പോഴാണ് ആത്മാവ് സാകാരിയാകുന്നത്. ശാന്തിധാമത്തില് ശരീരമാകുന്ന വസ്ത്രമില്ല. ഇവിടെയാണ് ശരീരം ധാരണ ചെയ്ത് പാര്ട്ട് അഭിനയിക്കുന്നത്. ഇപ്പോള് ബാബ പറയുന്നു, നിങ്ങള് കുട്ടികളെ തിരികെ കൊണ്ടുപോകാനാണ് വന്നിരിക്കുന്നത്. ഞാന് കാലന്റെയും കാലനാണ്. അമൃതസറില് ഒരു അകാലസിംഹാസനം വെച്ചിട്ടുണ്ട്. അകാലന് അര്ത്ഥം കാലന് വിഴുങ്ങാന് സാധിക്കാത്തത്. ഇപ്പോള് കാലന്റെയും കാലനായ ശിവബാബ പറയുന്നു, ഞാന് നിങ്ങളെ തിരികെ കൊണ്ടു പോകാന് വന്നിരിക്കുന്നു. അതിനുശേഷം നിങ്ങള്ക്ക് വീണ്ടും പാര്ട്ട് അഭിനയിക്കാനായി തിരികെ വരണം. സൃഷ്ടിയുടെ ആരംഭത്തില് ആരുടെ പാര്ട്ടാണുണ്ടായത്? കാരണം ഈ സൃഷ്ടി വിവിധ ധര്മ്മങ്ങളുടെ വൃക്ഷമാണ്. എല്ലാ ധര്മ്മങ്ങളും യഥാക്രമത്തിലാണ് വരുന്നത്, ആദ്യം ദേവതാധര്മ്മമാണ്. ഇപ്പോള് ആ ധര്മ്മം നഷ്ടപ്പെട്ടിരിക്കുകയാണ്, അതിന്റെ ജ്ഞാനവും നഷ്ടപ്പെട്ടു. അപ്പോള് ശാസ്ത്രങ്ങളില് ഇതെല്ലാം തന്നെ എങ്ങനെ വന്നു. ഏതു സഹജ രാജയോഗത്തിലൂടെയാണോ ദേവതകളായത് അതുപോലും നഷ്ടപ്പെട്ടു. ബാക്കി ഗീതയെല്ലാം ഭക്തിയിലെ സാമഗ്രിയാണ്. കാരണം ഈ ജ്ഞാനം നിങ്ങള്ക്ക് ലഭിക്കുന്നത് ഇവിടുന്നാണ്. പിന്നീട് അതിന്റെ ശാസ്ത്രം സത്യ-ത്രേതായുഗത്തില് ഉണ്ടാകുന്നില്ല. അപ്പോള് ദ്വാപരയുഗം മുതല്ക്ക് ശാസ്ത്രങ്ങള് എവിടെ നിന്നു വന്നു? ദ്വാപരയുഗത്തില് നിങ്ങളുടെ ഈ സത്യമായ ഗീതാശാസ്ത്രം ഉണ്ടാകുന്നില്ലല്ലോ. അവിടെ ഡ്രാമ അനുസരിച്ച് ഭക്തിമാര്ഗ്ഗത്തിലെ ഗീതയാണുണ്ടാകുന്നത്. ഇങ്ങനെ പറയാറുണ്ട് ആദ്യം സാധു-മഹാത്മാക്കളുടെ ബുദ്ധി നല്ലതായിരുന്നു. അപ്പോള് അവരാണ് ഈ ശാസ്ത്രങ്ങളെല്ലാം തന്നെ ഉണ്ടാക്കിയത്. ഡ്രാമ അനുസരിച്ച് ഇത് ഉണ്ടാക്കണമായിരുന്നു. എന്നാല് ആ സമയത്ത് യഥാര്ത്ഥ ശാസ്ത്രം എവിടെ നിന്നും ലഭിക്കാനാണ്. ഗാന്ധിജിയുടെ

സമയത്ത് മോത്തിലാല് നെഹ്റുവിന്റെ പാര്ട്ടുണ്ടായിരുന്നത് പോലെ. ഇപ്പോള് അവരുടെ നാടകമുണ്ടാക്കുകയാണെങ്കില് യഥാര്ത്ഥമായത് ലഭിക്കില്ലല്ലോ. അവരെ കൃത്രിമമായി ഉണ്ടാക്കേണ്ടി വരും. ഇപ്പോള് ബ്രഹ്മാവിന്റെ സ്ഥാപനയുടെ പാര്ട്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്തിന്റെ സ്ഥാപന? കുട്ടികള്ക്കറിയാം സത്യയുഗത്തിലേക്കുള്ള ദേവിദേവതാധര്മ്മത്തിന്റെ സ്ഥാപന ഇപ്പോള് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ബാബ പറയുന്നത്, എന്നെ ഓര്മ്മിക്കുകയാണെങ്കില് എന്റെ അടുത്ത് എത്തിച്ചേരുന്നു. ഇവിടേക്ക് വരുന്നു എങ്കില് വന്ന് ടേപ്പിലൂടെ മുരളി കേള്ക്കണം, മുരളി ആവര്ത്തിക്കണം, യോഗത്തിലിരിക്കണം എന്നാല് വികര്മ്മം നശിക്കുന്നു. മുഴുവന് ദിവസവും ജോലിയിലല്ലേ. അതുകൊണ്ട് അവിടെ യോഗത്തിലിരിക്കാന് ബുദ്ധിമുട്ടായിരിക്കും. ഇതില് മായയുടെ വിഘ്നം ധാരാളമുണ്ടാകുന്നു. മായ ജ്ഞാനത്തില് നിന്നല്ല പിന്തിരിപ്പിക്കുന്നത്, യോഗത്തില് നിന്നാണ്. സങ്കല്പ-വികല്പങ്ങളുണ്ടെങ്കില് യോഗത്തിലിരിക്കുവാന് സാധിക്കില്ല. പഠിപ്പില് ഇത്രയും വിഘ്നങ്ങളുണ്ടാകില്ല. അഥവാ യോഗമില്ലെങ്കില് പഠിപ്പിന്റെ ധാരണയുണ്ടാകില്ല. വാസ്തവത്തില് ജ്ഞാനത്തെക്കാളും യോഗമാണ് സഹജമായത്. കാരണം വൃദ്ധരായ മാതാക്കള് പറയാറുണ്ട്, ഞങ്ങളുടെ ബുദ്ധിയില് ജ്ഞാനത്തിന്റെ പോയിന്റുകള് അത്ര ധാരണയുണ്ടാകുന്നില്ല. അപ്പോള് ബാബ പറയുന്നു, ശരി എന്നാല് എന്റെ ഓര്മ്മയിലിരിക്കൂ.

ബാബ പറയുന്നു, അല്ലയോ ഭക്തരേ, എല്ലാവരും ഭക്തരാണല്ലോ. എന്നാല് നിങ്ങള് സിക്കീലധേ ഭക്തരാണ്. നിങ്ങള് പൂര്ണ്ണമായും അരകല്പം ഭക്തി ചെയ്തവരാണ്. എല്ലാവരും പൂര്ണ്ണമായും ഭക്തി ചെയ്യുന്നില്ല. ഇനിയും വന്നുകൊണ്ടിരിക്കുന്നവര് ഒരുപാട് ഭക്തി ചെയ്യുന്നവരായിരിക്കില്ല. നിങ്ങളാണ് പൂജ്യരും പൂജാരിയുമാകുന്നത്. ആരാണോ ശ്രീമതം പാലിക്കുന്ന കുട്ടികള്, അവരിലൂടെ ഇത് അറിയാന് സാധിക്കുന്നു. തന്റെ കുലത്തിലേതാണെന്ന നിശ്ചയമുള്ളവര്, പരമാത്മാവാണ് പഠിപ്പിക്കുന്നതെന്ന പൂര്ണ്ണ നിശ്ചയമുള്ള ഒന്നാനമ്മയുടെ സന്താനങ്ങള്. ഒന്നാനമ്മയുടെ കുട്ടികളാണ് ബലിയര്പ്പിക്കുക, രണ്ടാനമ്മയുടെ കുട്ടികള് ബലിയര്പ്പണം നടത്തില്ല. ഇതില് ഭയപ്പെടേണ്ടതായ ആവശ്യമില്ല. ഭക്തിയിലും ബലിയര്പ്പണം ചെയ്തു വന്നു, എന്തെങ്കിലും ഈശ്വരാര്ത്ഥം ദാനം ചെയ്തിരുന്നു. ഇതും ബലിയര്പ്പണമാണ്. പരമാത്മാവാണ് പുത്രനെ നല്കിയത്, ധനം നല്കിയതെന്നു പറയുന്നു. എന്നാല് മനുഷ്യര് ഇതിന്റെ അര്ത്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. നിങ്ങള്ക്കിപ്പോള് മനസ്സിലായി ഇതും ബാബ ഭക്തിയുടെ ഫലമായി അല്പകാലത്തേക്ക് നല്കുന്നതാണ്. സത്യയുഗത്തില് ഇങ്ങനെ ഉണ്ടാകുന്നില്ല. നിങ്ങള് ഭക്തിയില് ചെയ്തതൊന്നും തന്നെ സത്യയുഗത്തില് ഉണ്ടാകുന്നില്ല. ദാനം ചെയ്യാന് ദരിദ്രരുണ്ടാകില്ല. ശാസ്ത്രങ്ങളും, ക്ഷേത്രങ്ങളുമുണ്ടാകില്ല. കാരണം ഇതെല്ലാം തന്നെ ഭക്തിയുടെ സാമഗ്രികളാണ്, ഇതൊന്നും തന്നെ സത്യയുഗത്തില് ഉണ്ടാകില്ല. ഈ ജ്ഞാനവും നഷ്ടപ്പെടുന്നു. അവിടെ പ്രാപ്തി അനുഭവിക്കാനായി പുരുഷാര്ത്ഥമൊന്നും തന്നെ ചെയ്യേണ്ടതില്ല. നിങ്ങള് സത്യയുഗത്തില് അനുഭവിക്കുന്ന മുഴുവന് പ്രാപ്തിയും ഈ സമയത്തെ പുരുഷാര്ത്ഥത്തിന്റേതാണ്. ഇസ്ലാമികളുടെയും ബുദ്ധ മതത്തിലുള്ളവരുടെയും ജ്ഞാനം പരമ്പരാഗതമായതാണ്, കാരണം അവരുടെ ധര്മ്മത്തിന്റെ സ്ഥാപനയ്ക്കു ശേഷം വിനാശമുണ്ടാകുന്നില്ല. അപ്പോള് അവരുടെ ജ്ഞാനം മുഴുവനും അറിയാന് സാധിക്കും. എന്നാല് നിങ്ങളുടെ ധര്മ്മ സ്ഥാപനയ്ക്കു ശേഷം വിനാശം സംഭവിക്കുന്നു, അതിലൂടെ സര്വ്വ ജ്ഞാനവും ഇല്ലാതാകുന്നു. പിന്നീട് ദ്വാപരയുഗം മുതല്ക്ക് അതേ വേദ ശാസ്ത്രങ്ങള് ഉണ്ടാകുന്നു. ഇതെല്ലാം തന്നെ ഗീതയുടെ കുട്ടികളും പേരമക്കളുമാണ്. അവരുടെതൊന്നും ധര്മ്മ ശാസ്ത്രമെന്നു പറയില്ല, കാരണം ധര്മ്മ ശാസ്ത്രം അര്ത്ഥം ഏതൊരു ശാസ്ത്രത്തിലൂടെയാണോ ധര്മ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. ക്രിസ്തുവിന്റെ മഹാവാക്യങ്ങളെക്കുറിച്ച് ഇത് സന്ദേശകന്റെ മഹാവാക്യമാണെന്ന് പറയാറുണ്ട്. ക്രിസ്തുവിനെ ഗോഡ്ഫാദറെന്നു പറയുന്നില്ല, ഈശ്വരന്റെ പുത്രനെന്നാണ് മനസ്സിലാക്കുന്നത്. പറയാറുണ്ട് ഈശ്വരന് ക്രിസ്ത്യന് ധര്മ്മത്തെ സ്ഥാപിക്കാനായി ക്രിസ്തുവിനെ പറഞ്ഞയച്ചു. അപ്പോള് അവര്ക്ക് തീര്ച്ചയായും തന്റെ ധര്മ്മത്തെ പാലിക്കുകയും ചെയ്യണമല്ലോ. സതോ രജോ തമോവിലേക്ക് വരണമല്ലോ. തിരികെ ആര്ക്കും പോകാന് സാധിക്കില്ലെന്ന ജ്ഞാനം അവരിലില്ല.

ശരി, ബാബ മനസ്സിലാക്കിത്തന്നിരുന്നു മനുഷ്യര് ഗീത ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അത് ഓര്മ്മചിഹ്നം മാത്രമാണ്. ദേവതാധര്മ്മത്തിന്റെ ശാസ്ത്രമാണ്. എന്നാല് സത്യമായ ഗീതയെ അവര് അസത്യമാക്കി മാറ്റി. ആട്ടയില് ഉപ്പു പോലെ കുറച്ച് സത്യം മാത്രമേയുള്ളൂ കാരണം അവര് ഗീത പിന്നീടാണ് ഉണ്ടാക്കിയത്. സത്യ-ത്രേതായുഗത്തില് ആരിലും ഈ ജ്ഞാനമുണ്ടായിരുന്നില്ലല്ലോ. സത്യയുഗത്തിലുണ്ടായിരുന്ന ഇത്രയും സ്വര്ണ്ണത്തിന്റെയും വജ്രത്തിന്റെയും കൊട്ടാരങ്ങള് എങ്ങോട്ട് പോയി എന്ന് അവര്ക്ക് അറിയില്ലല്ലോ. സ്വര്ണ്ണ ദ്വാരക സമുദ്രത്തിന്റെ

താഴേക്ക് പോയി എന്ന് പറയാറുണ്ട്. പക്ഷേ സാഗരത്തിലേക്ക് പോകുന്നില്ല. ഭൂകമ്പത്തില് സര്വ്വതും നശിക്കുന്നു. പിന്നീട് സ്വര്ഗ്ഗത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. പ്രാപ്തി അനുഭവിച്ച് പിന്നീട് നശിച്ചു കഴിഞ്ഞാല് പിന്നെ അതിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. അതിന്റെ ചരിത്രം പോലും പിന്നെ എഴുതപ്പെടില്ല. ക്ഷേത്രങ്ങളുണ്ടാക്കിയിട്ടുള്ളതുകൊണ്ട് അതിന്റെ ചരിത്രമുണ്ട്. എന്നാല് എപ്പോള് പൂജ ആരംഭിച്ചു? എപ്പോള് മുഹമ്മദ് ഗസ്നവി വന്നു? ഭാരതത്തിന്റെ ധനം എങ്ങനെ അപഹരിച്ചു? ഇതെല്ലാം തന്നെ ബുദ്ധിയ്ക്കുള്ള ഭോജനമാണ്. എന്നാല് യോഗം ശരിയല്ലെങ്കില് കേള്ക്കുന്ന സമയത്ത് മാത്രം സന്തോഷമുണ്ടാകുന്നു, പിന്നീട് ബുദ്ധിയില് നിലനില്ക്കില്ല. പവിത്രതയില്ലെങ്കില് ജ്ഞാനം ഉള്ളില് നില്ക്കില്ല. ഇത് ശാസ്ത്രത്തിലുള്ള ജ്ഞാനമല്ല. മറ്റുള്ളവര് ശാസ്ത്രത്തെ മനപാഠമാക്കുന്നു. ഇത് 21 ജന്മത്തേക്കുള്ള പഠിപ്പാണ്. സത്യയുഗത്തില് പിതാവിന്റെ സിംഹാസനത്തില് സ്ഥാനം ലഭിക്കുമെങ്കിലും, അതും ഇവിടെയുള്ള സമ്പാദ്യത്തിന്റെ പ്രാപ്തിയാണ്. ദേവതകള് ഒരിക്കലും പരസ്പരം സമ്പത്ത് കൈമാറുകയില്ല, അതുകൊണ്ടാണ് ബാബ പറയുന്നത് എന്നെ മാത്രം ഓര്മ്മിക്കൂ. മരണം തൊട്ടു മുന്നിലാണ്. നിങ്ങള്ക്ക് മമ്മാ-ബാബയെ അനുകരിക്കണം. അവര് സന്യാസിമാരുടെ പേരിനു മാത്രമുള്ള അനുയായികളായിത്തീരുന്നവരാണ്. സത്യയുഗത്തില് ദേവീദേവതകളുടെ രാജ്യമാണ്. എങ്ങനെയാണോ രാജാ-റാണി ഭഗവാന് ഭഗവതിയാകുന്നത് അതുപോലെത്തന്നെ പ്രജകളും. അതിനു വേണ്ടിയാണ് നിങ്ങളിവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. അല്ലാതെ ആശീര്വ്വാദത്തിന്റെ കാര്യമില്ല. ബാബ പഠിപ്പിക്കുന്നതു തന്നെ ഏറ്റവും വലിയ ആശീര്വ്വാദമാണ്. ടീച്ചറോട് ആശീര്വ്വദിക്കൂ എന്നു പറയുകയാണെങ്കില് 100 മാര്ക്ക് കിട്ടുമോ? ബാബ പഠിപ്പിക്കുന്നു, ഈ പഠിപ്പ് എല്ലാവര്ക്കും വേണ്ടിയാണ്. അത് ക്രിസ്ത്യാനികളാണെങ്കിലും, ബുദ്ധ മതത്തിലുള്ളവരാണെങ്കിലും - സര്വ്വ ധര്മ്മങ്ങളെയും പരിത്യജിച്ച് എന്നെ മാത്രം ശരണം പ്രാപിക്കൂ എന്നു തന്നെയാണ് എല്ലാവരോടും പറയുന്നത്. ഇതെല്ലാം തന്നെ ദേഹത്തിന്റേതായ ധര്മ്മങ്ങളല്ലേ. ഇതെല്ലാം മറന്ന് സ്വയത്തെ ആത്മാവെന്നു നിശ്ചയിക്കൂ. ആത്മാവ് അനശ്വരമാണല്ലോ. ഒരു അച്ഛന്റെ മക്കളല്ലേ, അതുകൊണ്ടാണ് പറയുന്നത് - ദേഹീക ധര്മ്മത്തെ ഉപേക്ഷിച്ച് അമ്മാവനെ, ചെറിയച്ഛനെ എല്ലാവരെയും മറന്ന് സ്വയം ആത്മാവെന്നു നിശ്ചയിക്കൂ. എന്നെ ഓര്മ്മിക്കൂ എന്നാല് വികര്മ്മം നശിക്കും. അല്ലാതെ മറ്റൊരു ഉപായവുമില്ല. ഇതിനെയാണ് യോഗാഗ്നി എന്നു പറയുന്നത്.

ബാബയുടെ കത്തുകളില് സല്ലാപമാണ് ഉണ്ടാകുക. ഇത് മധുബനില് രാത്രി കേള്പ്പിക്കാറുണ്ട്. മധുബനില് ബാബ ചിരിപ്പിക്കുന്നു, ഉണര്വ്വ് നല്കുന്നു, നിങ്ങള് വളരെ നല്ല കുട്ടികളാണെന്നു പറയുന്നു, നിങ്ങള്ക്ക് ജ്ഞാന ഗംഗയായി മാറാന് സാധിക്കും. എന്താ ടെലിഫോണ് ഓഫീസിലാണോ ജോലി ചെയ്യുന്നത്? നിങ്ങള് മഹാറാണിയാകേണ്ടവരാണ്. വീണുപോയവരെയും ഉയര്ത്തും. ബാബ പറയുന്നു എനിക്കറിയാം ധാരാളം പേര്ക്ക് രാഹുവിന്റെ ഗ്രഹണം ബാധിച്ചിട്ടുണ്ട്. വാര്ത്തകള് വരുമ്പോള് ബാബ അവരെ എഴുന്നേല്പ്പിക്കുന്നു. ബാബ സൗജന്യമായി ചക്രവര്ത്തി പദവി നല്കാന് വന്നിരിക്കുകയല്ലേ, നിങ്ങള്ക്കിത് എന്തു പറ്റി! രാഹുവിന്റെ ഗ്രഹണം ബാധിച്ചോ? യോഗത്തിലിരിക്കൂ, മുരളി പഠിക്കൂ. ഇങ്ങനെയുള്ള കത്തുകള് ബാബയ്ക്ക് എഴുതേണ്ടി വരുന്നു. ബാബയ്ക്ക് അങ്ങനെ ഒരുപാട് പ്രകാരത്തിലുള്ള കത്തുകള് വരാറുണ്ട്. ആര്ക്കെങ്കിലും ആരോടെങ്കിലും പ്രീതി തോന്നുകയാണെങ്കില്, പരസ്പരം അവര് ഗന്ധര്വ്വ വിവാഹത്തിനുള്ള പ്ലാന് തയ്യാറാക്കുന്നു. ഞാന് വന്നിരിക്കുന്നത് നിങ്ങളെ രക്ഷിക്കാനാണ്, ബന്ധനത്തില് നിന്നും മുക്തമാക്കാനാണ്. നിങ്ങള്ക്കെങ്ങനെ രക്ഷ ലഭിക്കുമെന്ന് ബാബ പറഞ്ഞു തരും. ആദ്യം നിങ്ങള് മായയുടെ മേല് വിജയിച്ചോ? ബാബയില് നിന്നുമുള്ള നിര്ദ്ദേശം സ്വീകരിച്ചോ? ശ്രീമത്തു തേടാതെയാണോ പരസ്പരം വിവാഹത്തിന്റെ കാര്യം പറയുന്നത്. അപ്പോള് മായ വലിച്ചിഴച്ചു കൊണ്ടു പോയി ശവമാക്കി മാറ്റുന്നു. സൂക്ഷ്മത്തില് മറ്റൊരാളോട് പ്രീതി തോന്നുമ്പോഴാണ് ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങള് പറയുന്നത്. അപ്പോള് ബാബയ്ക്ക് മനസ്സിലാക്കാന് സാധിക്കും ഇവര് പാതാളത്തിലേക്ക്(നാശത്തിലേക്ക്) പോയ്ക്കൊണ്ടിരിക്കുകയാണ്. മാതാപിതാക്കളാണ് വിവാഹം കഴിപ്പിക്കേണ്ടത്, നിങ്ങള് തലതിരിഞ്ഞവര് ആരുമറിയാതെ പരസ്പരം വിവാഹിതരാകുന്നുവോ? എന്തെല്ലാം വിഘ്നങ്ങള് വരുമെന്നുള്ളത് നിങ്ങള്ക്കറിയില്ല. അത് ശര്ക്കരയ്ക്കും ശര്ക്കര പൊതിഞ്ഞ പൊതിയ്ക്കുമറിയാം (ബാബയും ബ്രഹ്മാബാബയും). ബാബയ്ക്ക് എല്ലാ കുട്ടികളെക്കുറിച്ചുമറിയാം, ആര്ക്കു വേണമെങ്കിലും ബാബയോട് ചോദിക്കാന് സാധിക്കും - ബാബാ, ഞാന് ഒന്നാനമ്മയുടെ കുട്ടിയാണോ രണ്ടാനമ്മയുടെ കുട്ടിയാണോ? ഇപ്പോള്ശരീരമുപേക്ഷിക്കുകയാണെങ്കില് എന്ത് പദവി ലഭിക്കും? ശരീരത്തെ ആര്ക്കും വിശ്വസിക്കാന് സാധിക്കില്ല. കപ്പല് മുങ്ങിപ്പോവുകയാണെങ്കില്, വിമാനം താഴേക്ക് വീഴുകയാണെങ്കിലൊക്കെ എന്തായിരിക്കും ഗതി! മരണം എല്ലാവരുടെയും തലയ്ക്കു മീതെയാണ്. അതുകൊണ്ട് ഇന്നത്തെ ജോലി നാളെയ്ക്ക് മാറ്റിവെക്കരുത്.

ഇല്ലെങ്കില് ധര്മ്മരാജപുരിയില് സാക്ഷാത്കാരമുണ്ടാകുന്നു. നാളെ, നാളെ എന്നു പറഞ്ഞ് കാലന് വിഴുങ്ങും. ശ്രീമത പ്രകാരം മുന്നേറിയില്ലെങ്കില് പദവി നഷ്ടപ്പെടുന്നു. കുറച്ചെങ്കിലും കേള്ക്കുകയാണെങ്കില് സ്വര്ഗ്ഗത്തിലേക്ക് വരുന്നു. പിന്നീട് ആര് സ്ഥാപനയുടെ കാര്യത്തില് സഹയോഗികളാകുന്നുവോ അവര്ക്ക് ഉയര്ന്ന പദവി ലഭിക്കുന്നു. എങ്ങനെയാണോ ഗാന്ധിജിയെ സഹായിച്ചവരെല്ലാം തന്നെ ജയിലിലേക്ക് പോയില്ലേ. എത്ര പേര് മരണപ്പെട്ടു, അതിന്റെ ഫലമായി എന്തു ലഭിച്ചു? ചിലര്, ധനികരായ കോണ്ഗ്രസ്സുകരുടെ പക്കല് തന്നെ പോയി ജന്മമെടുത്തിട്ടുണ്ടാവും. ഇനി കുറച്ചു സമയം മാത്രമേ ബാക്കിയുള്ളൂ. ഇനിയെന്ത് സുഖം ലഭിക്കാനാണ്. ജ്ഞാനം കേട്ട് മരിക്കുകയാണെങ്കില് പോലും അതൊരിക്കലും വ്യര്ത്ഥമാവുകയില്ല. ഇവിടെ ഒന്നും ഉപേക്ഷിക്കാന് പറയുന്നില്ല. എന്നാല് ചിലര് വികാരങ്ങള്ക്ക് വേണ്ടി ഉപദ്രവിക്കുമ്പോള് മറ്റൊരു മാര്ഗ്ഗവുമില്ലാതെ അവര് ഉപേക്ഷിച്ച് വന്നതാണ്. അല്ലാതെ എന്തു ചെയ്യും? അപ്പോള് അങ്ങനെയുള്ളവര്ക്ക് ബാബയ്ക്ക് അഭയം നല്കേണ്ടതായി വന്നു. അങ്ങനെ ഇപ്പോഴും അഭയം നല്കിക്കൊണ്ടിരിക്കുന്നുണ്ട്, ഇതില് ഉപേക്ഷിക്കുന്നതിന്റെ കാര്യമൊന്നുമില്ല. ഡ്രാമാ അനുസരിച്ച് ഇങ്ങനെയൊരു ഗോശാല പണിയേണ്ടിയിരുന്നു. നിങ്ങള് കുട്ടികളാണ് എങ്കിലും അതിന്റെ പേര് ഗോശാല എന്നാണ് വെച്ചിരുന്നത്. ഇങ്ങനെ പറയാറുണ്ട് കൃഷ്ണന് നദി മറി കടന്നപ്പോള് ഗോക്കളും മറികടന്നു. ഇതെല്ലാം തന്നെ ഈ സമയത്തെ കാര്യങ്ങളാണ്. എന്നാല് ഈ കാര്യങ്ങള്ക്കെല്ലാം മുമ്പായി ജ്ഞാനം നേടി ബാബയില് നിന്നുള്ള സമ്പത്തെടുക്കൂ. ജോലി ചെയ്തോളൂ, അതിനോടൊപ്പം തന്നെ ഈ കോഴ്സും എടുക്കണം. വിദേശത്തിരുന്നുകൊണ്ടും ഈ മുരളി തീര്ച്ചയായും പഠിക്കണം. ശരി.

മധുരമധുര തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലര്കാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ദേഹീക സംബന്ധങ്ങളെ മറന്ന് സ്വയം അശരീരി ആത്മാവെന്നു മനസ്സിലാക്കൂ. ബാബയില് പൂര്ണ്ണമായും ബലിയര്പ്പിക്കണം. ഈ കാര്യത്തില് ഒരിക്കലും ഭയപ്പെടരുത്.

2. ധര്മ്മരാജന്റെ ശിക്ഷകളില് നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി ഇന്നത്തെ കാര്യം നാളെയ്ക്ക് മാറ്റി വെക്കരുത്. പഠിപ്പിന്റെ ആധാരത്തില് ബാബയില് നിന്നുമുള്ള ആശീര്വാദം എടുത്തുകൊണ്ടിരിക്കണം.

വരദാനം :- മനസാ ദൃഢപ്രതിജ്ഞ ചെയ്ത് മന്മനാഭവയുടെ മന്ത്രത്തെ യന്ത്രമാക്കുന്ന സദാ ശക്തിശാലിയായി ഭവിക്കട്ടെ.

ഏതു കുട്ടികള് സത്യമായ മനസോടെ പ്രതിജ്ഞ ചെയ്യുന്നുവോ മന്മനാഭവയായി മാറുന്നു. ഈ മന്മനാഭവയുടെ മന്ത്രം ഏതൊരു പരിതസ്ഥിതിയെയും മറികടക്കുന്നതിനുള്ള യന്ത്രമായി മാറുന്നു. എന്നാല് മനസില് വരണം എനിക്ക് ഇതു ചെയ്യുക തന്നെ വേണം. ഇതേ സങ്കല്പമാകണം എന്തു ബാബ പറയുന്നുവോ സംഭവിച്ചതു തന്നെയാണ് അതിനാല് ഏതൊരു പ്രതിജ്ഞയും മനസാ ചെയ്യൂ, ദൃഢവുമാക്കൂ എങ്കില് ശക്തിശാലിയായി മാറും. പല വട്ടം സ്വയം പരിശോധിക്കൂ പ്രതിജ്ഞ ശക്തിശാലിയാണോ പരീക്ഷ ശക്തിശാലിയാണോ? പരീക്ഷ പ്രതിജ്ഞയെ ദുര്ബലമാക്കരുത്.

സ്ലോഗന് :- ആരാണോ സ്വമാനത്തില് കഴിയുന്ന ശ്രേഷ്ഠ ആത്മാവ് അവര്ക്ക് അപമാനത്തിന്റെ തോന്നല് വരികയില്ല